**No. CEE/2601/PG Ayurveda-2020/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## പി.ജി ആയുർവേദ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2020

## സ്ട്രേ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്

2020–21 അദ്ധ്യയന വർഷത്തെ പി.ജി ആയുർവേദ (ഡിഗ്രി/ഡിപ്ലോമ)_കോഴ്സുകളിൽ മോപ് അപ് അലോട്ട്മെന്റിനുശേഷം വന്ന ഒഴിവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മാർഗനിർദ്ദേശങ്ങൾക്കു വിധേയമായി അതത് കോളേജുകൾ നികത്തുന്നതാണ്. പി.ജി ആയുർവേദ (ഡിഗ്രി/ഡിപ്ലോമ) കോഴ്സിലെ അവസാന ഘട്ട മോപ് അപ്പ് കൗൺസിലിംഗിനായി നൽകിയ ഓപ്ഷനുകൾ അടിസ്ഥാനമാക്കി പ്രവേശന ത്തിന് പങ്കെടുക്കാൻ യോഗ്യരായ വിദ്യാർത്ഥികളുടെ കോളേജ് തിരിച്ചുള്ള പട്ടിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ താത്പര്യമുള്ള പക്ഷം 10.03.2021, വൈകുന്നേരം 3.00 മണിയ്ക്കകം അതാത് കോളേജുമായി ബന്ധപ്പെട്ട് പ്രവേശന നടപടികളിൽ പങ്കെടുക്കാവുന്നതാണ്. വിദ്യാർത്ഥികൾ പ്രോസ്പെക്ടസ് ക്ലോസ് 11.2(XI) പ്രകാരമുള്ള അസൽ രേഖകൾ സഹിതം കോളേജ് അധികാരിക്ക് മുന്നിൽ ഹാജരായി മുഴുവൻ ഫീസും കോളേജിൽ അടയ്ക്കേണ്ടതാണ്. 10.03.2021 വൈകുന്നേരം 3.00 മണി വരെ ഹാജരാകുന്ന വിദ്യാർത്ഥികളെ മാർഗ നിർദ്ദേശപ്രകാരം പ്രോസ്പെക്ടസിലെ പ്രവേശന വ്യവസ്ഥകൾ പാലിച്ച് നിലവിലെ ഒഴിവുകളിലേക്ക് പരിഗണിച്ച് കോളേജ് പ്രവേശനം പൂർത്തിയാക്കുന്നതാണ്.

10.03.2021 ന് ശേഷവും ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള പി.ജി ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതും, അഡ്മിഷൻ നേടിയിട്ടില്ലാത്തതുമായ യോഗ്യരായ വിദ്യാർത്ഥികൾക്ക് ഒഴിവുള്ള കോളേജുമായി ബന്ധപ്പെട്ട് പ്രവേശന നടപടികളിൽ പങ്കെടു ക്കാവുന്നതാണ്. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച മാർഗനിർദ്ദേശം പ്രവേശന പരീക്ഷാ കമ്മീഷണ റുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

Geetha

തിരുവനന്തപുരം
03.03.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**